# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1495

2.07.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, അൻവർ സാദത്ത്<br>,, ടി.എൻ. പ്രതാപൻ<br>,, കെ.ശിവദാസൻ നായർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും<br>ഉണ്ട്. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു.<br>ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (ജനറൽ)- ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കു ന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റു വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) ഉണ്ട്. സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റ് വികാസ് ഭവനിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

Rajeena

സെക്ഷൻ ഓഫീസർ